# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1966 15/7/2016 -ൽ മറുപടിക്ക്

## മണലൂർ മണ്ഡലത്തിലെ ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിൽ നടപ്പാക്കിയ 'ജലനിധി' പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ജലനിധി രണ്ടാംഘട്ടത്തിൽ ബാച്ച്-1-ൽ (2012 ഫെബ്രുവരി) ഉൾപ്പെടുന്ന എലവള്ളി ഗ്രാമപഞ്ചായത്തിൽ 1130 ലക്ഷം രൂപയുടെ ചെലവുപ്രതീക്ഷിക്കുന്ന കുടിവെള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. ഈ പദ്ധതിക്കുവേണ്ടിയുള്ള സ്രോതസ്സ്, ടാങ്ക്, ശുദ്ധീകരണശാല, വിതരണശൃംഖല, പമ്പിംഗ് മെയിൻ, വിതരണ ടാങ്ക്, പമ്പ് സെറ്റുകൾ, പ്രഷർ ഫിൽറ്റർ എന്നിവയുടെ എല്ലാ പ്രവർത്തികളും പൂർത്തിയായിട്ടുണ്ട്. ഇതുവരെ 811.42 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പൈപ്പ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി വ്യാപകമായി റോഡ് പൊളിച്ച് ഗതാഗത പ്രശ്നമുണ്ടായിരുന്നത് പരിഹരിച്ചോ; ഇല്ലെങ്കിൽ എന്ന് പരിഹരിക്കും എന്ന് വ്യക്തമാക്കാമോ? | (സി) പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിച്ച അവസരത്തിൽ റോഡുകളുടെ ചില ഭാഗങ്ങൾ പൊളിക്കേണ്ടി വന്നിട്ടുണ്ടായിരുന്നു. പഞ്ചായത്തിന്റെയും പി.ഡബ്ല്യൂ.ഡി-യുടെയും റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ആവശ്യമായ നടപടികൾ അതാത് വകുപ്പുകളാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ തുക ജലനിധിയും (85%) പഞ്ചായത്തും (15%) ചേർന്നാണ് നൽകുന്നത്. പഞ്ചായത്തിന്റെയും പി.ഡബ്ല്യൂ.ഡി-യുടെയും ടി റോഡുകളെ |

JSK/

പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള പണികൾ നടത്തുന്നതിനായി 1.34 കോടി രൂപ പഞ്ചായത്തിനും പി.ഡബ്ല്യൂ.ഡി-ക്കുമായി ഇതിനകം കൈമാറിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

JSK/